# പതിമൂന്നാം കേരള നിയമസഭ

# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 23-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 2431

## എമേർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളിലെ തുടർനടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എ.റ്റി.ജോർജ്ജ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) എമേർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളിൻമേൽ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;<br><br>(ബി) എത്ര പദ്ധതികൾക്ക് അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) & (ബി) | 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഈ പദ്ധതി നിർദ്ദേശങ്ങളുടെ തുടർ നടപടികൾ അതാത് വകുപ്പകളിൽ നടന്നു വരുന്നു. വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്ത നങ്ങൾ പുരോഗമിച്ചു വരികയാണ്.<br><br>പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കും പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കി അംഗീകാരം കൊടുക്കുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീരിച്ചിട്ടുണ്ട്.<br><br>അതുപോലെ എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളേയും പദ്ധതികളേയും ഫലവത്താക്കാൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം മേഖലയിലെ പദ്ധതികൾക്കാണ് നടത്തിപ്പിന് തീരുമാനമെടുത്തിട്ടുള്ളത്; വിശദമാക്കുമോ; | (സി) & (ഡി) | എമർജിംഗ് കേരളയിൽ ടൂറിസം, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം, തുറമുഖം, ഊർജ്ജം, ശാസ്ത്ര സാങ്കേതികം, വ്യവസായം, കൃഷി, റവന്യൂ ഐ.ടി. തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്നും 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഈ പദ്ധതി നിർദ്ദേശങ്ങളിൽ അതാത് വകുപ്പുകളിൽ വിശദമായ പരിശോധന കൾക്കു ശേഷമാണ് നടത്തിപ്പിനായി പദ്ധതികൾ തിരഞ്ഞെടുത്തത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ